# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 23.10.2025**

### പ്രധാനവാർത്തകൾ

1. സാക്ഷരത, വിദ്യാഭ്യാസം, അറിവ് എന്നിവയുടെ ശക്തിയാണ് കേരളത്തെ മുന്നിലെത്തിച്ചതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. കേരള സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി നാളെ മടങ്ങും.
2. 17 -ാമത് റോസ്ഗർ മേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ 51,000 നിയമന പത്രങ്ങൾ കൈമാറും. തിരുവനന്തപുരത്തും കോഴിക്കോടും നടക്കുന്ന പരിപാടികളിൽ കേന്ദ്ര സഹമന്ത്രിമാരായ ജോർജ് കുര്യനും വി.സോമണ്ണയും പങ്കെടുക്കും.
3. രാജ്യവ്യാപക തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനുള്ള അവസാനവട്ട തയ്യാറെടുപ്പുകൾ പൂർത്തിയാക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും നിർദേശം നൽകി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.
4. ഒക്ടോബർ മാസത്തെ സാമൂഹ്യസുരക്ഷ - ക്ഷേമനിധി പെൻഷൻ വിതരണം തിങ്കളാഴ്ച ആരംഭിക്കും.
5. സംസ്ഥാനത്ത് ശക്തമായ മഴ തുടരും. കോഴിക്കോട് മുതൽ കാസർകോട് വരെ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള -കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 26 വരെ മത്സ്യബന്ധനത്തിന് വിലക്ക്.
6. ഇന്ത്യക്കെതിരായ ഏകദിന ക്രിക്കറ്റ് പരമ്പര ഓസ്ട്രേലിയയ്ക്ക്. സംസ്ഥാന സ്കൂൾ കായികമേളയിൽ കുതിപ്പ് തുടർന്ന് തിരുവനന്തപുരം.

RNU TVPM

*****************

<u>രാഷ്ട്രപതി-പാല</u>

സാക്ഷരത, വിദ്യാഭ്യാസം, അറിവ് എന്നിവയുടെ ശക്തിയാണ് കേരളത്തെ മുന്നിലെത്തിച്ചതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. പാലാ സെൻ്റ് തോമസ് കോളേജിൻ്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. 21-ാം നൂറ്റാണ്ട് അറിവിൻ്റെ നൂറ്റാണ്ടാണെന്നും ശ്രീമതി മുർമു പറഞ്ഞു. ശിവഗിരിയിലെ പരിപാടിയിൽ പങ്കെടുത്ത ശേഷം ഹെലികോപ്റ്റർ മാർഗമാണ് രാഷ്ട്രപതി കോട്ടയത്ത് എത്തിയത്.

*****************

<u>രാഷ്ട്രപതി ശിവഗിരി (ഇൻട്രോ)</u>

അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾക്കിടയിൽ സാക്ഷരതയും, സ്വാശ്രയത്തവും പ്രചരിപ്പിച്ച ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങൾ ഇന്നും പ്രസക്തമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ശ്രീനാരായണ ഗുരു സമാധി ശതാബ്ദി ആചരണത്തിൻ്റെ രണ്ട് വർഷം നീളുന്ന പരിപാടികൾ ശിവഗിരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ജാതി - മത - വർഗ്ഗ ഭേദങ്ങൾക്ക് ഉപരിയായ ദർശനങ്ങളാണ് ഗുരുദേവൻ പകർന്നു നൽകിയതെന്നും ശ്രീമതി മുർമു പറഞ്ഞു.

RNU TVPM

(വോയിസ്)

ശിവഗിരിയിലെ ഗുരു സമാധിയിൽ രാഷ്ട്രപതി പ്രണാമം അർപ്പിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മന്ത്രിമാരായ വി ശിവൻകുട്ടി, വി എൻ വാസവൻ, ശ്രീനാരായണ ധർമ സംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

*****************

<u>രാഷ്ട്രപതി-രാജ്ഭവൻ</u>

തിരുവനന്തപുരം രാജ്ഭവനിൽ മുൻ രാഷ്ട്രപതി കെ ആർ നാരായണൻ്റെ അർദ്ധകായ പ്രതിമ രാഷ്ട്രപതി ദ്രൗപദി

മുർമു അനാച്ഛാദനം ചെയ്യു. കെ ആർ നാരായണൻ മുന്നോട്ട് വെച്ച ജനാധിപത്യ ചിന്തയും മാനുഷിക മൂല്യങ്ങളും എക്കാലവും മാതൃകയാക്കണമെന്ന് ശ്രീമതി മുർമു അനുസ്മരിച്ചു. മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദ്, ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, ബിഹാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ തുടങ്ങിയവർ പങ്കെടുത്തു.

*****************

## <u>രാഷ്ട്രപതി- എറണാകുളം</u>

രാഷ്ട്രപതി നാളെ രാവിലെ കോട്ടയത്തു നിന്നു ഹെലികോപ്റ്ററിൽ കൊച്ചിയിലേക്ക് പോകും. എറണാകുളം സെന്റ് തെരേസാസ് കോളേജിന്റെ ശതാബ്ദി ആഘോഷത്തിൽ ശ്രീമതി ദ്രൗപദി മുർമ്മു പങ്കെടുക്കും. നാല് ദിവസത്തെ സന്ദർശനം പൂർത്തിയാക്കി കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് രാഷ്ട്രപതി വൈകിട്ട് ഡൽഹിക്ക് മടങ്ങും.

*****************

## <u>റോസ്ഗർ മേള-പ്രധാനമന്ത്രി</u>

17 -ാമത് റോസ്ഗർ മേളയിൽ നാളെ പ്രധാനമന്ത്രി നരേന്ദ്ര മോദി 51,000 നിയമന പത്രങ്ങൾ കൈമാറും. രാജ്യമെമ്പാടുമായി 40 ഇടങ്ങളിലാണ് മേള നടക്കുന്നത്. ചെന്നൈയിൽ നടക്കുന്ന റോസ്ഗർ മേളയിൽ കേന്ദ്ര വാർത്താ വിതരണ സഹമന്ത്രി എൽ മുരുഗൻ പങ്കെടുക്കും. കേരളത്തിൽ തിരുവനന്തപുരത്ത് നടക്കുന്ന പരിപാടിയിൽ കേന്ദ്രസഹമന്ത്രി ജോർജ് കുര്യനും കോഴിക്കോട് നടക്കുന്ന മേളയിൽ കേന്ദ്ര റെയിൽവേ സഹമന്ത്രി വി സോമണ്ണയും സംബന്ധിക്കും.

*****************

## <u>കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ</u>

രാജ്യവ്യാപക തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനുള്ള അവസാനവട്ട തയ്യാറെടുപ്പുകൾ പൂർത്തിയാക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും നിർദേശം നൽകി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. തീവ്ര വോട്ടർ പട്ടിക

RNU TVPM

പരിഷ്കരണവുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ ചേർന്ന അവലോക യോഗത്തിലാണ് നിർദേശം. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിൻറെ അധ്യക്ഷതയിലായിരുന്നു യോഗം. കേരളം, തമിഴ് നാട്, അസം, പുതുച്ചേരി എന്നിവിടങ്ങളിലെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാരുമായി കമ്മീഷൻ ചർച്ച നടത്തി.

*****************

## ബിഹാർ വോട്ടെടുപ്പ്

ബിഹാറിൽ രണ്ടാം ഘട്ട നിയമസഭ തിരഞ്ഞെടുപ്പിൻറെ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയ പരിധി അവസാനിച്ചു. ആദ്യ ഘട്ട വോട്ടെടുപ്പ് അടുത്ത മാസം 6-നും രണ്ടാം ഘട്ടം 11 നും നടക്കും. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുകയാണ്. മഹാസഖ്യത്തിൻറെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി രാഷ്ട്രീയ ജനതാദൾ നേതാവ് തേജസ്വി പ്രസാദ് യാദവിനെ പ്രഖ്യാപിച്ചു. നവംബർ 14 നാണ് വോട്ടെണ്ണൽ.

*****************

## സാമൂഹ്യ പെൻഷൻ

ഒക്ടോബർ മാസത്തെ സാമൂഹ്യസുരക്ഷ - ക്ഷേമനിധി പെൻഷൻ വിതരണം ഈ മാസം 27 ന് തുടങ്ങും. ഇതിനായി 812 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 1,600 രൂപ വീതം വിതരണം ചെയ്യുന്നത്.

*****************

## റവന്യൂ മന്ത്രി - ഭൂ പതിവ്

സംസ്ഥാനത്ത് സൗജന്യമായി ഭൂമി പതിച്ചു നൽകുന്നതിനുള്ള വരുമാന പരിധി വർദ്ധിപ്പിച്ചതായി റവന്യൂ മന്ത്രി കെ രാജൻ. നിലവിലുള്ള ഒരു ലക്ഷം രൂപയിൽ നിന്നും രണ്ടര ലക്ഷം രൂപയായാണ് വർധിപ്പിച്ചത്. ദീർഘകാലമായി സർക്കാർ ഭൂമി

PNU TVPM

കൈവശം വച്ചും വീടുവച്ച് താമസിച്ചും വരുന്ന നിർധന കുടുംബങ്ങൾക്ക് സൗജന്യ ഭൂമി പതിവിന് വരുമാന പരിധി തടസമായ സാഹചര്യത്തിലാണ് ചട്ട ഭേദഗതിക്ക് റവന്യൂമന്ത്രി നിർദ്ദേശം നൽകിയത്.

*****************

## അവയവം മാറ്റിവയ്ക്കൽ -വീണാ ജോർജ്

രാജ്യത്ത് ആദ്യമായി സർക്കാർ മേഖലയിൽ ഒരു ദിവസം 3 പ്രധാന അവയവങ്ങൾ മാറ്റിവെയ്ക്കുന്ന ശസ്ത്രക്രിയ നടത്തിയ ചരിത്രനേട്ടവുമായി കോട്ടയം മെഡിക്കൽ കോളേജ്. ഹൃദയം, ശ്വാസകോശം, വൃക്ക എന്നിങ്ങനെ 3 പ്രധാന അവയവങ്ങൾ മാറ്റിവയ്ക്കുന്നതിന് കോട്ടയം മെഡിക്കൽ കോളേജിൽ നടത്തിയ ശസ്ത്രക്രിയ വിജയകരമായിരുന്നു വെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. ശബരിമല ദർശനത്തിന് ശേഷം തിരികെ വരുമ്പോൾ അപകടത്തിൽപ്പെട്ട് മസ്തിഷ്ക മരണം സംഭവിച്ച തിരുവനന്തപുരം പൂജപ്പുര സെൻട്ര ജയിലിൽ അസിസ്റ്റൻറ് പ്രിസൺ ഓഫീസറായ എ.ആർ. അനീഷിൻറെ 9 അവയവങ്ങളാണ് ദാനം ചെയ്തത്.

*****************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിലേക്ക് ജനങ്ങൾക്ക് ആശയങ്ങളും, അഭിപ്രായങ്ങളും നാളെ വരെ പങ്കുവയ്ക്കാം. പരിപാടിയുടെ 127 -ാാം പതിപ്പ് ഈ മാസം 26 ന് പ്രക്ഷേപണം ചെയ്യും.

*****************

## കേരളം- മഴ

സംസ്ഥാനത്ത് ശക്തമായ മഴ തുടരും. കോഴിക്കോട് മുതൽ കാസർകോട്

RIUTVPM

വരെയുള്ള ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. കേരള -കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 26 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

*****************

## സ്കൂൾ ഗെയിംസ്

സംസ്ഥാന സ്കൂൾ കായികമേളയിൽ 858 പോയിൻറുമായി തിരുവനന്തപുരം കുതിപ്പ് തുടരുന്നു. കണ്ണൂർ രണ്ടാമതും തൃശൂർ മൂന്നാം സ്ഥാനത്തുമാണ്. ഗെയിംസിലും നീന്തലിലും തിരുവനന്തപുരമാണ് മുന്നിൽ. ജൂനിയർ വിഭാഗം പെൺകുട്ടികളുടെ 100 മീറ്ററിൽ കോഴിക്കോടിന്റെ ദേവനന്ദയും സീനിയർ വിഭാഗം പെൺകുട്ടികളുടെ 100 മീറ്ററിൽ മലപ്പുറത്തിന്റെ ആദിത്യ അജിയും ഒന്നാം സ്ഥാനത്ത് ഫിനിഷ് ചെയ്തു. സീനിയർ വിഭാഗം ആൺ കുട്ടികളുടെ 100 മീറ്ററിൽ പാലക്കാടിന്റെ നിവേദ് കൃഷ്ണൻ ഒന്നാമതെത്തി.

*****************

## ശിവൻകുട്ടി ( ഇൻട്രോ )

ശക്തമായ മഴയിലും സ്കൂൾ കായിക മേള കുറ്റമറ്റ രീതിയിൽ നടത്താനാണ് സർക്കാർ ശ്രമിച്ചതെന്ന് മന്ത്രി വി ശിവൻകുട്ടി. താൽക്കാലിക ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമിച്ച് ഒരേസമയം പത്തോളം കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നത് ഇതാദ്യമായാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

(വോയിസ്......)

*****************

## ഏകദിന ക്രിക്കറ്റ്

ഇന്ത്യ -ഓസ്ട്രേലിയ ഏകദിന ക്രിക്കറ്റ് പരമ്പര ഓസ്ട്രേലിയയ്ക്ക്. ഇന്ന് നടന്ന രണ്ടാം ഏകദിനത്തിൽ രണ്ട് വിക്കറ്റിനാണ് ഓസ്ട്രേലിയ ഇന്ത്യയെ പരാജയപ്പെടുത്തിയത്. ഇന്ത്യ

PNU TVPM

ഉയർത്തിയ 265 റൺസ് വിജയലക്ഷ്യം 22 പന്ത് ബാക്കി നിൽക്കേ 8 വിക്കറ്റ് നഷ്ടത്തിൽ ഓസ്ട്രേലിയ മറികടന്നു. ഇതോടെ മൂന്ന് മത്സരങ്ങളുള്ള പരമ്പര 2 - 0 ത്തിന് ഓസ്ട്രേലിയ സ്വന്തമാക്കി. പരമ്പരയിലെ അവസാന മത്സരം മറ്റെന്നാൾ സിഡ്നിയിൽ നടക്കും.

*****************

## ഐ.സി.സി വനിതാ ഏകദിന ക്രിക്കറ്റ്

ICC ലോകകപ്പ് വനിതാ ഏകദിനത്തിൽ ഇന്ത്യ - ന്യൂസിലാൻഡ് മത്സരം മഴ മൂലം നിർത്തിവെച്ചു. നവി മുംബൈയിൽ നടക്കുന്ന മത്സരത്തിൽ ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ 48 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 329 റൺസ് എടുത്തിട്ടുണ്ട്. ഇന്ത്യൻ ഓപ്പണിംഗ് ജോഡിയായ സ്മൃതി മന്ദാനയ്ക്കും പ്രതിക റാവാളിനും സെഞ്ച്വറി.

*****************

## ഉൽപന്ന പ്രദർശന വിപണന മേള (ഇൻഡ്രോ)

കണ്ണൂരിൽ, വ്യവസായ വാണിജ്യ വകുപ്പിന്റെയും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ വ്യവസായ ഉത്പന്ന പ്രദർശന വിപണന മേളയ്ക്ക് തുടക്കമായി. വൈവിധ്യമാർന്ന 52 സ്റ്റാളുകളാണ് മേളയിലുള്ളത്. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

(വോയ്സ്)

*****************

## ശബരിമല സ്വർണപ്പാളി തട്ടിപ്പ്

ശബരിമല സ്വർണപ്പാളി ക്രമക്കേട് കേസിൽ ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബി. മുരാരി ബാബുവിനെ റാന്നി കോടതിയിൽ ഹാജരാക്കി. തിരുവനന്തപുരം ഈഞ്ചക്കലിലെ ക്രൈം ബ്രാഞ്ച് ഓഫീസിൽ ചോദ്യം ചെയ്തതിന് ശേഷം ഇന്ന് രാവിലെയാണ് പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് രേഖപ്പെടുത്തിയത്.

*****************

PMU TVPM

## കൊച്ചിൻ ഷിപ്പ്യാഡ്

കൊച്ചിൻ ഷിപ്പ്യാഡ് തദ്ദേശീയമായി നിർമിച്ച അന്തർ വാഹിനി ആക്രമണ പ്രതിരോധ കപ്പൽ 'ഐ എൻ എസ് മാഹി' നാവികസേനയ്ക്ക് കൈമാറി. കൊച്ചിൻ ഷിപ്പ് യാർഡ് ഈ വിഭാഗത്തിൽ നിർമ്മിക്കുന്ന 8 കപ്പലുകളിൽ ആദ്യത്തേതാണ് ഐഎൻഎസ് മാഹി.

*****************

*****************

*********

RNU TVPM